# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## കരുണയുടെ ജപം-Mercy




### കരുണയുടെ ജപം

കാരുണ്യവാനായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച് ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ കരുണയായിരിക്കണമേ. ഞങ്ങളും ഞങ്ങളുടെ മാതാപിതാക്കളും സഹോദരങ്ങളും ബന്ധുക്കളും സ്നേഹിതരുംവഴി വന്നുപോയ സകല തെറ്റുകളും കുറ്റങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ. അവിടത്തെ പ്രിയപുത്രൻ ഞങ്ങൾക്കു വേണ്ടി ചിന്തിയ വിലയേറിയ തിരുരക്തത്താൽ കഴുകി, ഞങ്ങളെ വിശുദ്ധീകരിക്കുകയും ശിക്ഷാവിധിയിൽ ഉൾപ്പെടുത്താതെ അങ്ങയുടെ സ്വന്തമായി ഞങ്ങളെ സ്വീകരിക്കുകയും ചെയ്യണമേ. അങ്ങയുടെ വിശുദ്ധ കുരിശിന്റെ ശക്തിയാൽ ഞങ്ങളെ രക്ഷിക്കുകയും പ്രലോഭനങ്ങളിൽ ഉൾപ്പെടാതെ കാത്തുകൊള്ളുകയും ചെയ്യേണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ

+++